# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കേളകം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ/കെ എൻ ആർ/സി11/1743/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 12/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കേളകം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കേളകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേളകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ/കെ എൻ ആർ/സി11/1743/2023 തീയ്യതി: 12/12/2023

## കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-01-2023 മുതൽ 07-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2023 | 17-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2023 | 17-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീമതി.സുമതി.ടി.ഒ -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശ്രീജ.കെ -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.നിഖില.എ.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.ടി.അനീഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.വിനോദ്.പി.കെ | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീ.സുനിൽ.പി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2022 | 07-10-2022 |
| ശ്രീ.ശശീന്ദ്രൻ.പി.കെ | സെക്രട്ടറി | 08-10-2022 | 25-10-2022 |
| ശ്രീ.സത്യൻ.കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-10-2022 | 09-11-2022 |
| ശ്രീ.ശശീന്ദ്രൻ.പി.കെ | സെക്രട്ടറി | 10-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനിൽ.കെ.ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ജോൺസൺ.പി.ജോൺ | വെറ്റിനറി സർജൻ | 01-04-2022 | 04-07-2022 |
| ഡോ.ശരണ്യ.എ.എസ് | വെറ്റിനറി സർജൻ | 05-07-2022 | 28-09-2022 |
| ഡോ.മിസ്ന ഷെഹല.പി.എച്ച് | വെറ്റിനറി സർജൻ | 29-09-2022 | 15-02-2023 |
| ഡോ.റിജിൻ ശങ്കർ | വെറ്റിനറി സർജൻ | 16-02-2023 | 31-03-2023 |
| ശ്രീമതി.സരിത.കെ.ജി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലക്ഷ്മിക്കുട്ടി.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.മേരി ലിന ജോസ് | മെഡിക്കൽ ഓഫീസർ -ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.സുബിത്ത്.പി.ഭാസ്കർ | മെഡിക്കൽ ഓഫീസർ -പി എച്ച് സി | 01-04-2022 | 14-10-2022 |
| ഡോ.ഷബിന.കെ | മെഡിക്കൽ ഓഫീസർ -പി എച്ച് സി | 15-10-2022 | 31-03-2023 |
| ശ്രീ.സുനിൽ.പി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 22-10-2022 |
| ശ്രീ.അബ്ദുൽ ഹുസൈൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-10-2022 | 14-11-2022 |
| ശ്രീമതി.ഷിജില.ടി.ഇ | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-11-2022 | 22-11-2022 |

| | | | |
|---|---|---|---|
| ശ്രീ.അനീഷ്.എ.സി | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-11-2022 | 09-02-2023 |
| ശ്രീ.രാജീവ് കുമാർ.വി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 10-02-2023 | 31-03-2023 |
| ശ്രീ.സുഭാഷ്.ജെ.എൽ | ക്ഷീര വികസന ഓഫീസർ | 06-05-2022 | 30-07-2022 |
| ശ്രീ.ബിനുരാജ്.പി | ക്ഷീര വികസന ഓഫീസർ | 01-08-2022 | 31-03-2023 |
| ഡോ.ഹരിപ്രിയ.എച്ച് | മെഡിക്കൽ ഓഫീസർ -ആയുർവേദ | 01-04-2022 | 01-09-2022 |
| ഡോ.രശ്മി.ജി.ആർ | മെഡിക്കൽ ഓഫീസർ -ആയുർവേദ | 02-09-2022 | 31-03-2023 |
| ശ്രീ.മഹേഷ്.ടി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 09-10-2022 |
| ശ്രീമതി.സിന്ധ്യ ബേബി ഡാനിയേൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 10-10-2022 | 26-11-2022 |
| ശ്രീ.മഹേഷ്.ടി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 27-11-2022 | 31-03-2023 |
| ശ്രീമതി.കുമാരി.പി.കെ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ.മുജീബ്.വി.വി | വിഇഒ-അടക്കാത്തോട് | 01-04-2022 | 31-03-2023 |
| ശ്രീ.മുജീബ്.വി.വി | വിഇഒ-കേളകം | 01-04-2022 | 09-06-2022 |
| ശ്രീ.പ്രിൻസ് മോൻ.എൻ.ഐ | വിഇഒ-കേളകം | 10-06-2022 | 23-11-2022 |
| ശ്രീമതി.മഞ്ജുഷ.എൻ | വിഇഒ-കേളകം | 24-11-2022 | 06-01-2023 |
| ശ്രീ.ദീപീഷ്.പി | വിഇഒ-കേളകം | 07-01-2023 | 31-03-2023 |

ക്ഷീര വികസന ഓഫീസർ -1.4.2022 മുതൽ 5.5.2022 വരെയും 30.07.2022നും ഒഴിവ്

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല. | 1-1-4 |
| 6 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | പലിശയിനത്തിൽ ക്രെഡിറ്റ് ചെയ്ത തുക വരവ് കാണിച്ചിട്ടില്ല | 1-1-6 |
| 8 | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകം | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-8 |
| 10 | രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | ഗ്രാമ സഭ | 1-10 |
| 20 | ഇ-ടെണ്ടർ ഫീ ₹2,61,992 ലഭിച്ചിട്ടില്ല | 1-11 |
| 21 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ നിർണ്ണയം-മൂലധന നിക്ഷേപം രേഖപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-12 |
| 22 | ബി.എസ്.എൻ.എൽ കെട്ടിടത്തിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-13 |
| 23 | മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-14 |
| 24 | അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-15 |
| 25 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് | 1-16 |

| | | |
|---|---|---|
| | കണക്കാക്കിയതിലെ അപാകം | |
| 26 | കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. | 1-17 |
| 27 | അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല. | 1-18 |
| 28 | ജനറൽ പർപ്പസ് ഫണ്ട് ഏഴാം ഗഡു ₹688500 ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു. | 1-19 |
| 29 | തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-20 |
| 30 | സ്മാർട്ട് ഐ-ഫേസ് 1 - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 31 | വെള്ളക്കരം അടവാക്കൽ -പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-22 |
| 32 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-23 |
| 33 | കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനുള്ള വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹250000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 34 | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി-₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 35 | സ്വയം തൊഴിൽ സംരംഭം - പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകം | 1-26 |
| 36 | ആർ ആർ എഫിന് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹28000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 37 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- 2020-21 ൽ കരാർ വെച്ച വീടുകൾ പൂർത്തീകരിച്ചില്ല. | 1-28 |
| 38 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചതിന്റെ രേഖ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച ₹67,335 തടസ്സപ്പെടുത്തുന്നു | 1-29 |
| 39 | അതി ദരിദ്രർക്കുള്ള ചികിത്സയും മരുന്നും ലഭ്യമാക്കൽ - മരുന്ന് ലഭിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല-ചെലവഴിച്ച ₹150002 തടസ്സപ്പെടുത്തുന്നു | 1-30 |
| 40 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല ചെലവഴിച്ച ₹1,05,080 തടസ്സപ്പെടുത്തുന്നു | 1-31 |
| 41 | സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം-അപാകങ്ങൾ- ₹191830 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |
| 42 | പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല, രേഖകൾ ഹാജരാക്കിയില്ല, 39000 രൂപ തടസ്സപ്പെടുത്തുന്നു | 1-33 |
| 43 | എസ്.എസ്.എ വിഹിതം നൽകൽ -ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പു വരുത്തുന്നില്ല-₹665275 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |

| | | |
|---|---|---|
| 44 | അതുല്യം തുടർവിദ്യാഭ്യാസപരിപാടി - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല - ചെലവഴിച്ച ₹ 47,170 തടസ്സപ്പെടുത്തുന്നു. | 1-35 |
| 45 | ഹെൽപ്പ് ഡെസ്ക് സജ്ജമാക്കൽ-പ്രവർത്തനക്ഷമമല്ല. ₹1,74,252 നിലവിൽ പാഴായി. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-36 |
| 46 | ഇൻസിനേറ്റർ വാങ്ങൽ- സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ പ്രകാരമല്ലാത്തത് | 1-37 |
| 47 | ആസ്തി രജിസ്റ്റർ റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് -പൂർത്തിയായിട്ടില്ല | 1-38 |
| 48 | ബാവലിപ്പുഴ തുരുത്തിലേയ്ക്ക് നടപ്പാലം നിർമ്മാണം-മണ്ണ് പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടില്ല. ചെലവഴിച്ച ₹3,60,000 തടസ്സപ്പെടുത്തുന്നു | 1-39 |
| 49 | ഒഴിഞ്ഞ ടാർ ബാരൽവിലയും,ടാർ ബാരൽവിലയുടെ ജി എസ് ടിയും ബന്ധപ്പെട്ട വകപ്പിലേയ്ക്ക് /ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല | 1-40 |
| 50 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ യഥാസമയം ഓഡിറ്റിന് ലഭ്യമാക്കുന്നില്ല | 1-41 |
| 51 | തനതു വിഭവ സമാഹരണം-പൊതു അവലോകനം | 1-42 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | ധനകാര്യ പത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കേളകം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 15.07.2023 ലെ 136/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 22.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കേളകം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കേളകം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ, ഡെപ്യൂട്ടി ഡയറക്ടർ,

12-12-2023 ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4273917 യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating Activities" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹9498333 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1.തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ

പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62f പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.
4.2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി, വാടക വരവ് എന്നിവ മാർച്ച് മാസാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-4 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല.

B3-ഷെഡ്യൂളിലെ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ (Reserves) മുൻവർഷത്തെ തുക തന്നെ ആവർത്തിക്കുന്നു

### 1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

1. ദുരിതാശ്വാസ നിധി : ബാലൻസ് ഷീറ്റിലെ ബി 17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹26487) ബി2 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹25979) പൊരുത്തപ്പെടുന്നില്ല.
2. CFC Grant : B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹4940050) B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹4737883) പൊരുത്തപ്പെടുന്നില്ല.
3.Rural Housing -Housing For All B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക ( ₹2641918) B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹2501012) പൊരുത്തപ്പെടുന്നില്ല.

### 1-1-6 പലിശയിനത്തിൽ ക്രെഡിറ്റ് ചെയ്ത തുക വരവ് കാണിച്ചിട്ടില്ല

1)09.11.2022, 11.01.2023 തീയതികളിലായി CFC Untied ഗ്രാന്റിന്റെ പലിശയിനത്തിൽ ക്രെഡിറ്റ് ചെയ്ത ₹76275 (₹32053 +₹44222) ആർ.പി 30 ഷെഡ്യൂളിൽ വരവ് കാണിച്ചിട്ടില്ല.
2)01-08-2022 തീയതിയിൽ Total Sanitation ന്റെ പലിശയിനത്തിൽ ക്രെഡിറ്റ് ചെയ്ത ₹3464 ആർ.പി 30 ഷെഡ്യൂളിൽ വരവ് കാണിച്ചിട്ടില്ല.

### 1-1-7 രജിസ്റ്റർ സൂക്ഷിപ്പിലെ അപാകം

1.RP-5 ഷെഡ്യൂൾ പ്രകാരം സെയിൽ ഓഫ് ടെണ്ടർ ഫോം ഇനത്തിൽ ₹268729 രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2.ലോൺ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
3.മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യ സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-9 രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ബി-18 ഷെഡ്യൂളിൽ Temperory Advance For Official Purpose (460100103) എന്ന ഹെഡിൽ 10000 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ മുൻകൂർ രജിസ്റ്ററിൽ നീക്കിയിരിപ്പില്ല.

### 1-2 ബജറ്റ്

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ഭരണ സമിതി തീരുമാനം നമ്പർ/തീയതി | തീരുമാനം നമ്പർ 27/2022 തീയതി 23/03/2022 |

| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പർ , തീയതി | തീരുമാനം നമ്പർ 59/2023 തീയതി 8/03/2023 | |
|---|---|---|
| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
| മുന്നിരിപ്പ് | 2928152 | 19048264 |
| വരവ് | 327902300 | 221247601 |
| ആകെ | 330830452 | 240295865 |
| ചെലവ് | 328571000 | 224050183 |
| നീക്കിയിരിപ്പ് | 2259452 | 16245682 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 1,90,48,264 |
| ഓഡിറ്റ് വർഷത്തെ വരവ് | 3,15,23,358 |
| ആകെ | 5,05,71,622 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 2,72,49,441 |
| നീക്കിയിരിപ്പ് | 2,33,22,181 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,54,944 |

വികസന ഫണ്ട് ജനറൽ, എസ്.സി.പി, ടി.എസ്.പി, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്& അൺടൈഡ്(ട്രഷറി ) , സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്ത് വിഹിതം ഡെപ്പോസിറ്റ്, തൊഴിലുറപ്പ് പദ്ധതി, ക്ഷേമ പെൻഷൻ മുതലായവയുടെ വിവരം റസീറ്റ് &പെയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ ഉൾപ്പെടാത്തതിനാൽ മേൽ വരവും ചെലവും ഭാഗികമാണ്. ഒഴിവായിപോയ ഇനങ്ങൾ കൂടി ഉൾപ്പെടുത്തി റസീറ്റ് പേയ്മെന്റ് ഷെഡ്യൂൾ കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 17166007 | 17166007 | 15154206 | 2011801 |
| വികസന ഫണ്ട് - എസ് സി പി | 0 | 871404 | 871404 | 593484 | 277920 |
| വികസന ഫണ്ട് - ടി എസ് പി | 0 | 3039265 | 3039265 | 2891020 | 148245 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 12299000 | 12299000 | 11893656 | 405344 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | 5139000 | 5139000 | 4860619 | 278381 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ്- | 3107300 | 4521000 | 7628300 | 4201682 | 3426618 |

| | | | | | |
|---|---|---|---|---|---|
| ബാങ്ക് - | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ്-ട്രഷറി | | 1889866 | 1889866 | 801596 | 1088270 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺ ടൈഡ് | 53916 | 3099533 (3014000+ 85,533പലിശ) | 3153449 | 1842184 | 1311265 |
| അദർ ലയബലറ്റീസ് | 803059 | 5000 | 808059 | 512499 | 295560 |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 443137 | 1032376 | 1475513 | 685000 | 790513 |
| ടോട്ടൽ സാനിറ്റേഷൻ | 478871 | 10331 | 489202 | 0 | 489202 |
| സ്വഛ് ഭാരത് അഭിയാൻ | 0 | 1580538 | 1580538 | 1556538 | 24000 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 297006 | 297006 | 86549 | 210457 |
| ഹെൽത്ത്ഗ്രാന്റ്-വെൽനസ് സെന്റേഴ്സ് | 0 | 162284 | 162284 | 63767 | 98517 |
| എം പി ഫണ്ട് | 100317 | 2981 | 103298 | 0 | 103298 |
| എസ് എസ് എ | 11510 | 164 | 11674 | 0 | 11674 |
| എംജിഎൻആർഇജിഎസ് | 4528 | 36669792 | 36674320 | 35819987 | 854333 |
| സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ് | 967986 | 20758 | 988744 | 0 | 988744 |
| ഹെൽത്ത് മിഷൻ ഫണ്ട് | 0 | 500000 | 500000 | 0 | 500000 |
| അവാർഡ്സ് & ഹോണേഴ്സ്-സെൻട്രൽ ഗവ. | 509756 | 0 | 509756 | 0 | 509756 |
| അദർ സ്കീമ്സ് | 180232 | 0 | 180232 | 0 | 180232 |
| റൂറൽ ഹൗസിങ് ഫണ്ട് | 0 | 2501012 | 2501012 | 0 | 2501012 |
| വിമുക്തി | 2874 | 0 | 2874 | 0 | 2874 |
| സാക്ഷരത | 26011 | 1185 | 27196 | 0 | 27196 |
| കേരളോത്സവം | 20000 | 0 | 20000 | 0 | 20000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | ചെലവ് | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 197 | 153 | 10,98,73,383 | 101 | 52 | 44 | 5,27,66,487 | 51.2 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | അടങ്കൽ | പദ്ധതികളുടെ എണ്ണം | ചെലവ് | ശതമാനം |
|---|---|---|---|---|

| | | അടങ്കൽ വച്ചത് | ചെലവഴിച്ചത് | | |
|---|---|---|---|---|---|
| സെക്രട്ടറി | 10249299 | 37 | 23 | 6250807 | 61 |
| കൃഷി ഓഫീസർ | 1838020 | 4 | 4 | 1464790 | 79.69 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 33330389 | 82 | 57 | 19419215 | 58.26 |
| വെറ്റിനറി സർജൻ | 825000 | 4 | 4 | 655430 | 79.44 |
| വി ഇ ഒ (കേളകം) | 2738998 | 10 | 10 | 1894451 | 69.16 |
| വി ഇ ഒ (അടയ്ക്കാത്തോട്) | 44457087 | 13 | 13 | 8730456 | 19.6 |
| ക്ഷീര വികസന ഓഫീസർ | 2612500 | 1 | 1 | 2597664 | 99.4 |
| അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 331670 | 2 | 2 | 289175 | 87 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 4984300 | 14 | 12 | 4556082 | 91.40 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 650000 | 2 | 2 | 648496 | 99.76 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 3267019 | 9 | 9 | 2657100 | 81.3 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 150000 | 1 | 1 | 150000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 1809076 | 11 | 8 | 1001392 | 55.35 |
| ഹെഡ്മാസ്റ്റർ | 2630025 | 7 | 7 | 2451429 | 93 |
| ആകെ | 109873383 | 197 | 153 | 52766487 | 48 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4528 | 1328161 | 1332689 | 478356 | 854333 |
| മെറ്റീരിയൽ ചെലവ് &ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 35341631 | 35341631 | 35341631 | 0 |
| ആകെ | 4528 | 36669792 | 36674320 | 35819987 | 854333 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1040000 | 556 |
| വിധവ പെൻഷൻ | 8208000 | 4256 |
| വാർദ്ധക്യകാല പെൻഷൻ | 24433800 | 13795 |
| ഭിന്ന ശേഷിക്കാർക്കുള്ള പെൻഷൻ | 3489800 | 1728 |
| അവിവാഹിത പെൻഷൻ | 221400 | 112 |
| വിവാഹ ധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-11-2023 തീയതിയിൽ 4.01 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 55,059 (അമ്പത്തി അയ്യായിരത്തി അമ്പത്തി ഒൻപത് രൂപ മാത്രം.) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷം 5/2022, 7/2022, 9/2022എന്നിവ ഒഴികെയുള്ള മാസങ്ങളിൽ സ്റ്റാഫ് മീറ്റിംഗുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് ഉത്തരവ് ആവശ്യമായ സന്ദർഭങ്ങളിൽ കൃത്യമായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല. പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരുടെ വിവരങ്ങൾ പോലും കൃത്യമായി ഇൻകുമ്പൻസി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വസ്തു നികുതിയിനത്തിലുള്ള കുടിശ്ശിക ഈടാക്കേണ്ട കാര്യം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 6.88 ലക്ഷം രൂപ നഷ്ടപ്പെടാനിടയായത് സാമ്പത്തിക അച്ചടക്ക ലംഘനമാണ്. വസ്തുനികുതി ഇ-പേയ്മെന്റ് കറന്റ് അക്കൗണ്ടിൽ നിന്നും നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാത്തതിനാൽ പലിശ നഷ്ടപ്പെടാനിടയാകുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-10 ഗ്രാമ സഭ

2022-23 വർഷം 4 ഗ്രാമ സഭായോഗങ്ങൾ ചേർന്നിട്ടുണ്ട് ഗ്രാമ സഭകളിലെ ജന പ്രാതിനിധ്യം നിശ്ചിത ക്വാറം തികയുന്നുണ്ട്. യോഗം അവസാനിച്ചാൽ കോ ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും യോഗത്തിൽ പങ്കെടുത്തിട്ടുള്ള ജന പ്രതിനിധികളും കൂടാതെ ഗ്രാമസഭ യോഗത്തിൽ പങ്കെടുത്തിട്ടുള്ള 10 പേരുടെയെങ്കിലും ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ചില ഗ്രാമ സഭാ യോഗങ്ങളിൽ കോ ഓർഡിനേറ്റർ മാത്രമേ ഒപ്പ് രേഖപ്പെടുത്തുന്നുള്ളൂ.

## 1-11 ഇ-ടെണ്ടർ ഫീ ₹2,61,992 ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിവരം ലഭ്യമാക്കുന്നതിന് 9/ 9-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2018-19 മുതൽ 2021-22 വരെയുള്ള ഇ-ടെണ്ടർ ഫീ ₹261992 ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ ബാക്കിയുണ്ടെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ഇ-ടെണ്ടർ ഫീ തുക ₹ | ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എജിനീയറിൽ നിന്നും ലഭിച്ച തുക ₹ | തിരികെ ലഭിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|
| 1 | 2018-19 | 124716 | ഇല്ല | 124716 |
| 2 | 2019-20 | 38646 | ഇല്ല | 38646 |
| 3 | 2020-21 | 35700 | ഇല്ല | 35700 |
| 4 | 2021-22 | 62930 | ഇല്ല | 62930 |
| | ആകെ | 261992 | 0 | 261992 |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാൻ ബാക്കിയുള്ള മുഴുവൻ തുകയും ലഭ്യമാക്കാനുള്ള

തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ നിർണ്ണയം-മൂലധന നിക്ഷേപം രേഖപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ (സ ഉ (പി) നം 80/2017/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചത്) ചട്ടം 7,പട്ടിക II പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ ഫീൽഡ് തല പരിശോധന നടത്തി മൂലധന നിക്ഷേപം കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്ററിലെ ക്രമ നമ്പർ | പേര്, സ്ഥാപനം | കെട്ടിട നമ്പർ | വ്യാപാരം | ഈടാക്കിയ ലൈസൻസ് ഫീ(രൂപയിൽ) |
|---|---|---|---|---|
| 4 | മാനേജർ Ksbc | 13/941,942, 943, 949 | വിദേശമദ്യ വില്പന | 5000/- |
| 6 | ജേക്കബ് | 13/375 | ജ്വല്ലറി | 1000 |
| 13 | ഷെറി ജോൺ | 12/476 B C | വിദേശമദ്യ വില്പന | 1000 |
| 14 | മനോജ് | 1/339 A | റിസോർട്ട് | 1200 |
| 15 | മാത്യു | 13/221 | ജ്വല്ലറി | 500 |
| 44 | ഷംസാദ് | 13/942 A B C D E F G H J K | സൂപ്പർമാർക്കറ്റ് | 2000 |
| 82 | ബെന്നി | 13/305 | മരമില്ല് | 5000 |
| 95 | തോമസ് | 9/77 C | ക്രഷർ | 1000 |
| 108 | ദാസൻ | 1/330 A | ഹോട്ടൽ | 1000 |
| 114 | ഷിനോജ് | 13/227 E | ജ്വല്ലറി | 5000 |
| 152 | നൗഷാദ് | 13/56 D F G | ഇലക്ട്രിക്കൽസ് | 1000 |
| 414 | തോമസ് | 4/177,178,179,180 | സോഫസെറ്റ് വില്പന | 500 |
| 277 | തങ്കപ്പൻ | 13/152 A B C | സൂപ്പർമാർക്കറ്റ് | 1000 |
| 279 | റിജോ | 13/328,395 | ടൂറിസ്റ്റ് ഹോം | 1000 |
| 428 | ജോൺ പോൾ | 13/320 | ഹോസ്പിറ്റൽ | 500 |

മൂലധന നിക്ഷേപം കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ 24/13-11-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മൂലധന നിക്ഷേപം മേഖലയുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത വ്യക്തമായിട്ടില്ല. ഫീൽഡ് പരിശോധന നടത്തി സ്ഥാപനത്തിന്റെ തരം മനസ്സിലാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിർണ്ണയിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-13 ബി.എസ്.എൻ.എൽ കെട്ടിടത്തിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ബിഎസ്എൻഎൽ ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല. നിലവിൽ ബിഎസ്എൻഎൽ ഒരു സർക്കാർ കമ്പനിയായി പ്രവർത്തിച്ച് വരുന്നതിനാൽ അവരുടെ

ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19.12.2004 ലെ സർക്കുലർ നം.43657/B4/04/LSGD പ്രകാരം മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾക്ക് BSNL ൽ നിന്നും അതിന്റെ രൂപീകരണ തീയതി മുതൽ വസ്തുനികുതി ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 01.06.2017 ലെ WP(C) No.10972 (F) ബി.എസ്.എൻ.എൽ Vs സ്റ്റേറ്റ് ഓഫ് കേരളയുമായി ബന്ധപ്പെട്ട വിധിന്യായത്തിൽ ബി.എസ്.എൻ.എൽ ന് അതിന്റെ സ്വത്തുക്കളുടെ കാര്യത്തിൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 285 പ്രകാരം നികുതിയിൽനിന്നും ഇളവ് അവകാശപ്പെടാനാവില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

13/874 നമ്പർ ബി.എസ്.എൻ.എൽ കെട്ടിടം കേളകം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയവയിൽ നിന്നും നാളിതുവരെ വസ്തുനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിവരം | വിസ്തീർണ്ണം (ച.മീ) | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1. | 13/874 | BSNL കെട്ടിടം | 84 | 2013-14 മുതൽ |

ബി.എസ്.എൻ.എൽ ന്റെ അധീനതയിലുള്ള മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണെന്നും കൂടാതെ ടി കെട്ടിടങ്ങളുടെ വസ്തുനികുതിയിലുള്ള കുടിശ്ശിക ഈടാക്കാൻ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.20 തീയതി 13.11.2023) ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ബി.എസ്.എൻ.എൽ ന്റെ അധീനതയിലുള്ള കെട്ടിടത്തിന്റെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കളക്ഷൻ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെ ചേർത്ത മൊബൈൽ ടവറിന് 2019-20 സാമ്പത്തിക വർഷം മുതൽ വസ്തു നികുതി ഇനത്തിൽ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| വാർഡ് /കെട്ടിട നമ്പർ | ഉടമസ്ഥൻ | വാർഷിക നികുതി ₹ |
|---|---|---|
| 12/472 | റിലയൻസ് ടെലികോം ഇൻഫ്രാസെക്ചർ ലിമിറ്റഡ് എ.പി ആർക്കേഡ് എസ്. എ. റോഡ് കടവന്ത്ര | 17861 |

കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്നതിന് 22/13.11.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച് കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-15 അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല

2016-17, 2017-18, 2018-19 വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. മേൽപ്പറഞ്ഞ കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല.സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ / | അധിക നിർമാണത്തിനായി | സഞ്ചയ പ്രകാരം നികുതി നിർണയിച്ച |
|---|---|---|---|---|---|

| | നമ്പർ | | കാലാവധി | അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | തറവിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 4/129 | ഷാജി | 1487/17-18 20.03.17 To 19.03.20 | GF(existing)- 64.35 FF(proposed)-11.22 | 49 |
| 2 | 11/322 | മത്തായി | 1989/17-18 11.05.17 To 10.05.20 | GF(existing)-136.56 FF(proposed)-124.43 | 86.7 |
| 3 | 12/362 B | മോഹൻദാസ് | 5378/17-18 04.01.18 To 03.01.21 | GF(existing)-118.8 GF(proposed)-26.58 | 31.58 |
| 4 | 4/76 B | ബിജു | 2639/18-19 21.07.18 To 20.07.21 | GF(existing)-63.03 FF(proposed)-101.59 | 63.03 |

ഇതു സംബന്ധിച്ച് 41/15-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ചിട്ടുള്ളവരുടെ കെട്ടിട നിർമാണം പൂർത്തിയായിട്ടുണ്ടോ, അനധികൃത നിർമാണം നടത്തിയിട്ടുണ്ടോ എന്നത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഡ് തലത്തിൽ ക്ലർക്കുമാർ ഫീൽഡ് തല പരിശോധന നടത്തി കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണയം നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

2. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 236 ആണ്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ അനധികൃത കെട്ടിടങ്ങൾ ഒന്നും തന്നെ ഇല്ല എന്നാണ് കാണാൻ സാധിച്ചത്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

അനധികൃത നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 Z വ്യവസ്ഥ പ്രകാരമുള്ള നടപടിയോ/കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരമുള്ള നടപടിയോ സ്വീകരിക്കേണ്ടതാണ്. ഇത് പ്രകാരം കെട്ടിട നിർമ്മാണം ആരംഭിച്ചപ്പോഴോ, കെട്ടിട നിർമ്മാണം നടക്കുന്ന വേളയിലോ ഗ്രാമപഞ്ചായത്തിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. കെട്ടിട ഉടമയിൽ നിന്നും പിഴ ഈടാക്കുകയോ നോട്ടിസ് നല്കുകയോ ചെയ്യാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി അനധികൃതനിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി നടപടികൾ സ്വീകരിച്ച് തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകം

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി

നിശ്ചയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം | ഇനം | നിർണയിക്കേണ്ട നികുതി നിരക്ക് / ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 M2 വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 45 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 M2 ന മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 55 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 M2 വരെ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 50 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 M2 ന മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 |

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്വെയർ എന്നിവ പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉമസ്ഥന്റെ പേര് | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി (₹/M2) | നിർണ്ണയിക്കേണ്ട നികുതി (₹/M2) |
|---|---|---|---|---|---|
| 1 | ബാബു കാട്ടായം | 13/31, 31 A, B C D E 32 33 34 35 36 37 37 A 37 B | 40+33.6+26+26+26+97.36 +7.2+15.95+ 30.6+6.82+59.78+31.57 +97+30.66<br>ആകെ -528.54 | (13/31, 31A, E, 32 33 34 35 36 37 37 A 37 B എന്നിവയ്ക്ക് 45 രൂപ നിരക്കിലും 13/31 B C എന്നിവയ്ക്ക് 55 രൂപ നിരക്കിലും) | 70 |
| 2 | ബാബു പുത്തൻ പുരയിൽ | 13/94 To 99 | 87.27+14.19+14.19+16.2+30.26+30.26<br>ആകെ - 192.37 | 45 | 70 |
| 3 | ബെസ്സി സി തോമസ് | 13/218,218 A B C D E F G, 220 221 222 223 224 225 228 A, 228 A B, 224 230 231 232 233 234 235 | 24.84+3.5+13.6+16.25+37.71+ 35.55+18.48+18.48+18.48+36.65+ 24.84+24.84+22+3.15+50.49 +5+8+17.87+21.35+21.35+21.35+ 21.35+21.35+19.5+44.1<br>ആകെ - 550.08 | 45 | 55 |

| | | | | | |
|---|---|---|---|---|---|
| 4 | റെജി ജോയി | 13/441 A B C D E F G H I J K L | 70.75+30.55+56.32+ 104.59+71.09+28.94+ 36.9+19.76+145.25+ 57.18+145.25+31.49 ആകെ - 798.07 | 45 | 70 |

മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നല്കിയ 44/16.11.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപട്ടികയിലെ കെട്ടിടങ്ങളിൽ നിന്ന് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നിരക്കിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

## 1-17 കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

| വാർഡ് നം./ കെട്ടിട നം. | കെട്ടിട ഉടമ | തറ വിസ്തീർണം (ച. മീ) | ഉപയോഗക്രമം | കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 10/375 | തഹസിൽദാർ തളിപ്പറമ്പ | 14.8 | ഓഫീസ് ആവശ്യത്തിനുള്ളവ | 2490 | 2018 ആദ്യ പകുതി മുതൽ |
| 13/258 A | ജൊവാൻ അനിരുദ്ധൻ | 33.45 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 3357 | 2022 ആദ്യ പകുതി മുതൽ |
| 13/258 B | ജൊവാൻ അനിരുദ്ധൻ | 30.4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 2817 | 2022 ആദ്യ പകുതി മുതൽ |
| 13/258 C | ജൊവാൻ അനിരുദ്ധൻ | 154.7 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 15522 | 2022 ആദ്യ പകുതി മുതൽ |
| 13/258 D | ജൊവാൻ അനിരുദ്ധൻ | 636.43 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 62913 | 2022 ആദ്യ പകുതി മുതൽ |

100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിനാൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് (2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സാർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം മേല്പറഞ്ഞവയിൽ ജൊവാൻ അനിരുദ്ധൻ

എന്നവരുടെ ഉടമസ്ഥതയിലുള്ള 854.98 ച മീ ആകെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല.
മേൽ പരാമർശങ്ങൾ സംബന്ധിച്ച് നല്കിയ 23/13.11.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ വില്ലേജ് ഓഫീസിൽ നിന്നും അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് നികുതി ഈടാക്കുന്നതാണെന്നും ജൊവാൻ അനിരുദ്ധൻ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച് കേസ് നടക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതും മേൽ കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിക്കേണ്ടതുമാണ്.

## 1-18 അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207(ബി) എ പ്രകാരം സർക്കാർ അംഗീകാരമുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്വകാര്യ സ്കൂളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്കൂളിന്റെ പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | വാർഷിക വസ്തു നികുതി | കുടിശ്ശിക |
|---|---|---|---|---|---|
| 1 | സെന്റ് റീത്ത നഴ്സറി സ്കൂൾ | 5/51 | 67 | 334 | 2013-14 First Half മുതൽ |

മേൽ പട്ടികയിൽ പറഞ്ഞിട്ടുള്ള അൺ-എയ്ഡഡ് സ്കൂളുകളിൽ നിന്ന് വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച് 21/13-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്കൂൾ സർക്കാർ അംഗീകാരമുള്ള സ്ഥാപനമല്ല എന്ന് അറിയിച്ചിട്ടുണ്ട്. അത്തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. മേൽപ്പറഞ്ഞ അൺ എയ്ഡഡ് സ്കൂളിൽ നിന്നും വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. കൂടാതെ ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മറ്റു അൺ എയ്ഡഡ് സ്ഥാപനങ്ങളെ കണ്ടെത്തി ആയവ വസ്തുനികുതി അടവാക്കുന്നില്ലെങ്കിൽ കുടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-19 ജനറൽ പർപ്പസ് ഫണ്ട് ഏഴാം ഗഡു ₹688500 ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു.

ജനറൽ പർപ്പസ് ഗ്രാന്റിന്റെ ഏ.സി.ആർ പ്രകാരം₹ 82,62,000 അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. എന്നാൽ ജി ഒ (ആർ ടി) 7308/2022/ഫിൻ തീയതി 31-10-2022 ഉത്തരവ് പ്രകാരം ജനറൽ പർപ്പസ് ഫണ്ട് ഏഴാം ഗഡുവായി അനുവദിച്ച ₹688500 ടെ ബിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് പിൻവലിച്ച് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റുന്നതിനായി 20-10-2022 ന് ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും തുക അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. പുതുതായി ചുമതല ഏറ്റെടുത്ത സെക്രട്ടറി കില പരിശീലനത്തിന് പോയതിനാൽ അധിക ചുമതല ഉണ്ടായിരുന്ന സെക്രട്ടറിക്ക് ഡി.ഡി.ഒ കോഡ് മാറി നൽകാത്തതിനാൽ ബില്ല് ഒബ്ജക്ഷൻ ആയെന്നും ആയതിനാൽ ഏഴാം ഗഡു തുക ട്രഷറിയിലും ഐ.എൽ.ജി.എം.എസിലും വരവ് എടുത്തിരുന്നില്ലെന്നും 2023 ഫിബ്രവരി മാസമാണ് ഐ.എൽ.ജി.എം.എസിൽ വരവ് എടുത്തതെന്നും തുക വരവ് വരാത്തതിന് കാരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.42/16-11-2023) നൽകിയ മറുപടിയിൽ പറയുന്നുണ്ട്. പഞ്ചായത്ത് അക്കൗണ്ടുകൾ യഥാസമയം റിക്കൺസിലിയേഷൻ നടത്തുന്നതിലുണ്ടായ വീഴ്ച കാരണമാണ് തുക നഷ്ടമായതെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് വിഷയം ഭരണ സമിതിയുടെ മുൻപിൽ കൊണ്ട് വരികയും ഭരണ സമിതിയുടെ നിർദ്ദേശ പ്രകാരം നഷ്ടപ്പെട്ട ഏഴാം ഗഡു പുനരനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് തദ്ദേശ സ്വയംഭരണ ജോയന്റ് ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ട് കറന്റ് അക്കൗണ്ടാണ്. വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ടിൽ വരുന്ന തുക നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. എന്നാൽ ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ കറന്റ് അക്കൗണ്ടിൽ നിലനിർത്തിവരികയാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാങ്ക് അക്കൗണ്ട് വിവരം | നീക്കിയിരിപ്പ്(31.03.2023) |
|---|---|

| | |
|---|---|
| | /AFS/പാസ്ബുക്ക് പ്രകാരം |
| എസ് ബി ഐ E PAYMENT-അക്കൗണ്ട് (അക്കൗണ്ട് നമ്പർ - 37063247578) | 13,72667 |

ഗ്രാമപഞ്ചായത്ത് മേല്പറഞ്ഞ അക്കൗണ്ടിലെ തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയത് വഴി പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.47/17-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക കറണ്ട് അക്കൗണ്ടിൽ നിന്നും സേവിംഗ്സ് ബേങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 സ്മാർട്ട് ഐ-ഫേസ് 1 - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | 225/23 സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹177000 വികസനഫണ്ട് -പൊതുവിഭാഗം |
| ചെലവ് | ₹177000 ബിൽ നമ്പർ :307/21-3-23 |

മേൽ പ്രൊജക്റ്റ് പ്രകാരം പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി തടയുന്നതിന് സിസിടിവി സ്ഥാപിക്കുന്നതിന് മുന്നോടിയായി ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, നെറ്റ് വർക്ക് ക്യാമറ, പവ്വർ ഒപ്റ്റിമൈസർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി കണ്ണൂർ ജില്ലാപഞ്ചായത്തിന് ₹177000 നൽകിയിട്ടുണ്ട്. മേൽ പ്രോജക്റ്റിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ പ്രസ്തുത തുകയുടെ വിനിയോഗവിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 10/13-11-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും പ്രൊജക്റ്റ് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 വെള്ളക്കരം അടവാക്കൽ -പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്റ്റിന്റെ നം/ പേര് | 2/23 കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ്ജ് അടക്കൽ | 244/23 കേരള വാട്ടർ അതോറിറ്റിക്ക് ബാൻസ് തുക അടയ്ക്കൽ വാട്ടർ ചാർജ്ജ് അടക്കൽ |
| അടങ്കൽ | ₹700000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹ 220000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹53057 ബിൽ നമ്പർ : 48/17-8-2022<br>₹212228 ബിൽ നമ്പർ : 54/23-8-2022<br>₹53057 ബിൽ നമ്പർ : 77/17-9-2022<br>₹53057 ബിൽ നമ്പർ : 89/17-10-2022<br>₹53057 ബിൽ നമ്പർ : 114/14-11-2022<br>₹53057 ബിൽ നമ്പർ : 146/19-12-2022<br>₹53057 ബിൽ നമ്പർ : 183/16-01-2023<br>₹133458 ബിൽ നമ്പർ :238/20-02-2023 | ₹97486 ബിൽ നമ്പർ : 288/16-3-2023 |

| | | |
|---|---|---|
| | ₹35972 ബിൽ നമ്പർ : 275/16-03-2023<br>ആകെ : ₹700000 | |

മേൽ പ്രൊജക്ടുകൾ പ്രകാരം പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2022 ഡിസംബർ വരെ പ്രതിവർഷം ഒരു ടാപ്പിന് ₹5788 നിരക്കിലും 2023 ജനവരി മുതൽ പ്രതിവർഷം ഒരു ടാപ്പിന് ₹14559 നിരക്കിലും 110 ടാപ്പുകളുടെ ചാർജ്ജായി ആകെ ₹797486 വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. 110 ടാപ്പുകളും പ്രവർത്തനക്ഷമമാണെന്ന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ടും ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്ന നടപടികൾ ആരംഭിച്ച സാഹചര്യത്തിലും പ്രതിവർഷം 8 ലക്ഷത്തോളം രൂപ ഈയാവശ്യത്തിനായി ചെലവഴിക്കുന്ന സാഹചര്യത്തിലും ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകൾ നിലനിർത്തേണ്ടതുണ്ടോയെന്നത് സംബന്ധിച്ചുള്ള വിവരവും ലഭ്യമാക്കുന്നതിന് 8/13-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പൊതുടാപ്പുകളുടെ സംയുക്ത പരിശോധ നടത്തിയിട്ടില്ലെന്നും പരിശോധന നടത്തുന്നതിനായി 17-10-23 ന് വാട്ടർ അതോറിറ്റി അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ജലജീവൻ മിഷൻ പദ്ധതി നിലവിൽ പൂർത്തിയായിട്ടില്ലെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. സംയുക്ത പരിശോധന നടപടികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമായ ടാപ്പുകൾക്കാണ് തുക ചെലവഴിക്കുന്നതെന്നും ജലജീവൻ മിഷൻ പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് ടാപ്പുകളുടെ ആവശ്യകത പരിശോധിച്ച് ഈ ഇനത്തിൽ പാഴ്ചെലവ് ഉണ്ടാകുന്നില്ലെന്നും ഉറപ്പാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭരണസമിതി ഈ വിഷയം ഗൗരവപൂർവം പരിഗണിച്ച് തനത് ഫണ്ടിൽ ചോർച്ച സംഭവിക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ / പേര് | 154/23 കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹162500 വികസന ഫണ്ട് -പൊതുവിഭാഗം<br>₹162500 മറ്റുള്ളവ<br>ആകെ : ₹325000 |
| ചെലവ് | ₹162500 ബിൽ നമ്പർ : 265/16-3-2023 |

ഗ്രാമ പഞ്ചായത്തിലെ 13 ക്ഷീര കർഷകരുടെ 4 മുതൽ 32 മാസം വരെയോ അല്ലെങ്കിൽ ആദ്യ പ്രസവം വരെയോ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി ₹162500 കണ്ണൂർ ജില്ലാ എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്തതിനാൽ സ.ഉ (സാധാ)3096/22/തസ്വഭവ/03.12.2022 പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതത്തിനൊപ്പം സംസ്ഥാന സർക്കാർ വിഹിതത്തിന് ആനുപാതികമായ തുകയും ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നാണ് പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ളത്. ഇപ്രകാരം 13 ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതമായി ഒരു ഗുണഭോക്താവിന് ₹12500 എന്ന നിരക്കിലാണ് ₹ 162500 എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുള്ളത്. പദ്ധതിയുടെ വിനിയോഗ പുരോഗതി സംബന്ധിച്ച വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/13-11-2023) വിനിയോഗ വിവരം ലഭ്യമാക്കുന്നതിന് എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. 13 ഗുണഭോക്താക്കളും പദ്ധതിയിൽ തുടരുന്നുണ്ടോയെന്ന് പരിശോധിച്ച് പദ്ധതിയിൽ നിന്നും ഒഴിവായ ഗുണഭോക്താവുണ്ടെങ്കിൽ സബ്സിഡി വിഹിതമിനത്തിൽ ബാക്കി വരുന്ന തുക തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ്.എൽ.ബി.പി യിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-24 കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനുള്ള വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹250000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 93/23 കെ.എസ്.എസ്.എം ന് കോക്ലിയർ ഇംപ്ലാന്റുകളുടെ |

| | |
|---|---|
| | മെയിന്റനൻസിനുള്ള വിഹിതം നൽകൽ |
| അടങ്കൽ | ₹250000 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹250000 ബിൽ നമ്പർ : 1042032/13-1-2023 |

കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ₹250000 കേരള സാമൂഹ്യസുരക്ഷാമിഷന് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷയും മറ്റ് വിവരങ്ങളും തുകയുടെ കൈപ്പറ്റ് വിവരവും വിനിയോഗ സാക്ഷ്യപത്രവും ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 29/13.11.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും ഗുണഭോക്താക്കളായ കുട്ടികളുടെ കേൾവിശക്തിക്കായുള്ള ഉപകരണങ്ങൾക്ക് കൃത്യമായ പരിപാലനം നടന്നു എന്ന് തെളിയിക്കുന്ന മോണിറ്ററിംഗ് സർട്ടിഫിക്കറ്റും ലഭ്യമാക്കാത്തതിനാൽ ₹250000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09/11/2023 ലെ ഡി.എ/284/23 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഭരണ സമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി-₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 88/23 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം |
| അടങ്കൽ | ₹300000 വികസന ഫണ്ട് - ജനറൽ |
| ചെലവ് | ₹ 300000 ബിൽ നമ്പർ : 1538036/28-03-23 |

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 ഖണ്ഡിക 7(14)(2) പ്രകാരം ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണ പ്രോജക്ട് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രം ഏറ്റെടുക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നം. ഡി എ 1/387/2022 ത.സ്വ.ഭ.വ തിയ്യതി 08-11-2022 സർക്കുലർ പ്രകാരം ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ പദ്ധതി ജില്ലാ പഞ്ചായത്ത്, നഗരഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന നടപ്പാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മേൽ പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് 31/13-11-23 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജില്ലാ പഞ്ചായത്ത് ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് ഗ്രാമ പഞ്ചായത്ത് മുഖേന പ്രസ്തുത പ്രോജക്ട് നടപ്പാക്കിയത് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. ഇത് ശരിയായ വിശദീകരണമല്ല മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പ്രകാരം പ്രസ്തുത പദ്ധതി ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പിലാക്കാൻ പാടില്ലാത്തതാണ്. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിനാൽ ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്ത് മുഖാന്തിരം നടപ്പിലാക്കാനുള്ള സർക്കാർ അനുമതി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 സ്വയം തൊഴിൽ സംരംഭം - പ്രൊജക്ട് നടപ്പാക്കിയതിലെ അപാകം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, കേളകം സർക്കിൾ |
| പ്രൊജക്ട് നമ്പർ / പേര് | 159/23 അപ്പാരൽ പാർക്ക് -വനിത ഗ്രൂപ്പുകൾക്ക് റെയിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് |
| അടങ്കൽ | ₹700000 വികസന ഫണ്ട് -പൊതുവിഭാഗം |
| ചെലവ് | ₹400000 ബിൽ നമ്പർ : 356/28-3-2023 |

മേൽ പ്രൊജക്ട് പ്രകാരം 5 വനിതകൾ ഉൾപ്പെട്ട രണ്ട് ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ₹4,00,000 സബ്സിഡി അനുവദിച്ചിട്ടുണ്ട്. കളേഴ്സ് വസ്ത്ര നിർമ്മാണ യൂണിറ്റിന് കേരള ഗ്രാമീണ ബാങ്കിന്റെ കേളകം ബ്രാഞ്ചിൽ നിന്നും ₹3,32,500 ലോൺ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുകയായ ₹2,00,000 കേരള ഗ്രാമീണ ബാങ്കിന്റെ 40441101305014 എന്ന അക്കൗണ്ടിലേക്കും , അസ്രം അപ്പാരൽ പാർക്കിനു കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കേളകം ബ്രാഞ്ചിൽ ₹4,00,000 ലോൺ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി

തുകയായ ₹ 2,00,000 കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് ബാങ്കിന്റെ 17393000300201 എന്ന അക്കൗണ്ടിലേക്കും ബാക്ക് എന്റ് സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ) നം 115/2022 തസ്വഭവ തീയതി 26-05-2022ഖ-6.5(4) അനുസരിച്ച് സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് (വനിതകൾക്ക്) 75% സബ്സിഡി (പരമാവധി 375000 രൂപ) അനുവദിക്കാവുന്നതാണ്. വായ്പ ബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുക ഇപ്രകാരം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതെ ബാക്ക് എന്റ് സബ്സിഡിയായി ബാങ്കിന്റെ അക്കൗണ്ടിലേക്ക് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 26/13-11-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുക ലഭിച്ചതിനു ശേഷം സ്ഥാപനം പ്രവർത്തനം അവസാനിപ്പിക്കുന്ന സാഹചര്യം ഉണ്ടാകാതെ സ്ഥാപനങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഇപ്രകാരം ബാക്ക് എന്റ് സബ്സിഡിയായി ബാങ്കിന്റെ അക്കൗണ്ടിലേക്ക് തുക അനുവദിച്ചിട്ടുള്ളതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. പ്രൊജക്ട് നടപ്പാക്കുമ്പോൾ പ്രൊജക്ടുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

## 1-27 ആർ ആർ എഫിന് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹28000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കേളകം സർക്കിൾ |
| പ്രൊജക്ട് നമ്പർ / പേര് | 157/23, ആർ ആർ എഫ് ന് വിഹിതം നൽകൽ |
| അടങ്കൽ | ₹28,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹28,000 ബിൽ നമ്പർ : 118/16-11-23 |

മേൽ പ്രൊജക്ട് പ്രകാരം പേരാവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ RRF കേന്ദ്രത്തിന് വിഹിതം നൽകുന്നതിനായി ₹28,000 പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി 26/13-11-23 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആയത് ലഭിച്ചാൽ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുമെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ ₹28000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ലൈഫ് ഭവന നിർമ്മാണ പദ്ധതി- 2020-21 ൽ കരാർ വെച്ച വീടുകൾ പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം ഭവനനിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ട ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കരാറിലേർപ്പെട്ട തീയതി | ആകെ അനുവദിച്ച തുക (₹) | തുക അനുവദിച്ച അവസാന തീയതി |
|---|---|---|---|---|
| 1 | ശ്രുതിന | 4-3-2021 | 420000 | 24-8-2022 |
| 2 | നിഷ എസ് | 26-2-2021 | 200000 | 24-8-2022 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 40/15-11-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ശ്രീമതി ശ്രുതിനയുടെ വീട് ലിന്റൽ പണി പൂർത്തിയായിട്ടുണ്ടെന്നും, ബാക്കി നിർമ്മാണം പുരോഗമിക്കുന്നുണ്ടെന്നും ശ്രീമതി നിഷ എസ് ന്റെ വീട് പണി തറ നിർമ്മാണം വരെയാണ് പൂർത്തിയായിട്ടുള്ളതെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-29 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചതിന്റെ രേഖ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച ₹67,335 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ / പേര് | 19/23 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹7,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹7,00,000 ബിൽ നമ്പർ / തീയതി : 2220552011400338717/21-07-2022 |

പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് പ്രഫോർമ ഇൻവോയിസ് നമ്പർ PRF/531/30-06-2022 പ്രകാരം ₹6,85,528 അശ്വിൻ സർജിക്കൽസ് എന്ന സ്ഥാപനത്തിന് മരുന്ന് വിതരണത്തിനായും ₹14472 ഉപകരണങ്ങൾ വാങ്ങുന്നതിനായും ആകെ ₹7,00,000 നൽകിയിട്ടുണ്ട്. ഇതിൽ ₹6,18,193 മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ബാക്കി₹67335 (₹685528-₹618193) മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/13-11-2023) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ മരുന്നുകൾ സ്റ്റോക്ക് ഇല്ല എന്നും സ്റ്റോക്ക് ലഭ്യമാകുന്ന മുറയ്ക്ക് മരുന്നുകൾ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ₹67,335 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 അതി ദരിദ്രർക്കുള്ള ചികിത്സയും മരുന്നും ലഭ്യമാക്കൽ - മരുന്ന് ലഭിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല-ചെലവഴിച്ച ₹150002 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| പ്രോജക്ട് നമ്പർ / പേര് | 222/23 അതി ദരിദ്രർക്കുള്ള ചികിത്സയും മരുന്നും ലഭ്യമാക്കൽ |
| അടങ്കൽ | ₹ 50,000 വികസന ഫണ്ട്<br>₹2,52,000 ബ്ലോക്ക് പഞ്ചായത്ത്<br>₹302,000 |
| ചെലവ് | ₹50,000 വികസന ഫണ്ട്<br>ബിൽ നമ്പർ / തീയതി : 2222055201140111995/01-02-2023<br>₹150002 ബ്ലോക്ക് പഞ്ചായത്ത്<br>22220552011401108877/29-01-2023 |

അതി ദരിദ്രർക്കുള്ള ചികിത്സയും മരുന്നും ലഭ്യമാക്കൽ എന്ന മേൽ പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് പ്രഫോർമ ഇൻവോയിസ് നമ്പർ PRF/3603/13-01-2023 പ്രകാരം ₹150002 ഉം ജൻ ഔഷധി മെഡിക്കൽ സ്റ്റോറിന് ₹50,000 ഉം നൽകിയിട്ടുണ്ട്. ഇതിൽ ₹50,000 യുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയ ₹150002 മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/13-11-2023) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ മരുന്നുകൾ സ്റ്റോക്ക് ഇല്ല എന്നും സ്റ്റോക്ക് ലഭ്യമാകുന്ന മുറക്ക് ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച ₹150002 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല ചെലവഴിച്ച ₹1,05,080 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ട് നമ്പർ / പേര് | 24/23 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |

| | |
|---|---|
| അടങ്കൽ | ₹1,50,000 – മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹1,50,000 - ബിൽ നമ്പർ / തീയ്യതി : 2220552014800593869/29-09-2022 |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി എന്ന മേൽ പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് പ്രഫോർമ ഇൻവോയിസ് നമ്പർ PF/339/16-09-2022 പ്രകാരം ₹1,50,000 നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയിസ് നമ്പർ LF/343/21-06-2023 പ്രകാരം ₹44920 യുടെ മരുന്ന് ലഭിച്ചതിന്റെ വിവരം മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ₹1,05,080 യുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച ₹₹1,05,080 തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 32/13-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററടക്കം രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം-അപാകങ്ങൾ- ₹191830 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ . |
| പ്രോജക്ട് നമ്പർ, പേര് | 118/23 സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം |
| അടങ്കൽ | ₹200000 - (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | ₹191830 |
| ACR ബിൽ നമ്പർ, തീയതി | 295/20-3-23 |

ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിദ്യാലയങ്ങളിലുള്ള കുട്ടികൾക്ക് ഫുട്ബോൾ, വോളിബോൾ പരിശീലനം നൽകുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. മേൽ ബില്ലുകൾ പ്രകാരം താഴെപ്പറയുന്നവർക്ക് തുക അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| അനീഷ് ഏലിയാസ്(ഫുട്ബോൾ കോച്ച്) | ₹ 25000 |
| സച്ചിൻ ഏലിയാസ് (വോളിബോൾ കോച്ച്) | ₹25000 |
| സെന്റ് മേരീസ് ജനകീയ ഹോട്ടൽ | ₹ 48760 |
| പെന്റ സ്പോർട്സ്, കല്പറ്റ | ₹ 41400 |
| അഞ്ജു സ്പോർട്സ് | ₹ 47170 |
| ജോജി ജോൺ | ₹ 4500 |
| ആകെ | ₹191830 |

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖ. 8.11.5 പ്രകാരം സ്പോർട്സ് കൗൺസിലുകളുടെ സഹായത്തോടെ മാത്രമേ ശാസ്ത്രീയ കായിക പരിശീലനം നടത്താവൂ എന്ന് നിഷ്കർഷിച്ചിരിക്കെ ഇവിടെ അപ്രകാരമാണ് പരിശീലനം നടത്തിയത് എന്ന് തെളിയിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. പരിശീലകർക്ക് വേതനം നിർണ്ണയിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. (₹1000/ദിവസം) പരിശീലകരുടെ ഹാജർ ലഭ്യമാക്കിയിട്ടില്ല.
2. സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ.(കൈ)115/22/തസ്വഭവ/28.05.22 ഖ. 7.4.3) നിർദ്ദേശ പ്രകാരം കായികക്ഷമതയ്ക്കായി ക്ലാസ് ടീച്ചറുടെ സാന്നിദ്ധ്യത്തിൽ സ്കൂൾ പി.ടി പിരീഡിൽ കമ്മ്യൂണിറ്റി സ്പോർട്സ് ലീഡേഴ്സിന്റെ/സ്പോർട്സ് അക്കാഡമിയുടെ സഹായത്തോടെ പ്രത്യേകമായി രൂപകല്പന ചെയ്ത ഉപകരണങ്ങൾ ഉപയോഗിച്ച് വ്യായാമ മുറകൾ ചെയ്യാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നടപ്പാക്കിയതായി കണ്ടില്ല.
3. സ.ഉ (കൈ)നം 115/22/തസ്വഭവ തീയതി 28-5-22 ഖണ്ഡിക 2.20 പ്രകാരം നേരിട്ട് വാങ്ങുന്നതിന് അനുമതിയില്ലാത്ത ഇനങ്ങളുടെ വാങ്ങലുകൾക്ക് 8-11-2010ലെ ജി ഒ(പി)നം 259/2010/തസ്വഭവ പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതു പ്രകാരം ₹25000 മുതൽ ₹100000 വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ സ്വീകരിക്കേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ നടപടികളിലൂടെയാണ് പെന്റ സ്പോർട്സ്, കല്പറ്റ എന്ന

സ്ഥാപനത്തിൽ നിന്നും സ്പോർട്സ് ജേഴ്സിയും, അഞ്ജു സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്നും സ്പോർട്സ് ഉപകരണങ്ങളും വാങ്ങിയിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4. സ്പോർട്സ് ജേഴ്സിയും സ്പോർട്സ് ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ 19/13-11-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹191830 ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ/ വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല, രേഖകൾ ഹാജരാക്കിയില്ല, 39000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നമ്പർ, പേര് | 151/23, പത്താമുദയം – സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല |
| അടങ്കൽ | ₹ 140000 (വികസന ഫണ്ട്-പൊതു വിഭാഗം ) |
| ചെലവ് | ₹ 39000 |
| ACRബിൽ നമ്പർ/തീയതി | 355/28.3.23 |

കേളകം ഗ്രാമപഞ്ചായത്തിലെ 50 വയസ്സിനു താഴെയുള്ള എല്ലാവരെയും അഞ്ച് വർഷം കൊണ്ട് പത്താംതരം വിദ്യാഭ്യാസമുള്ളവരാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പത്താംതരം തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷ ഫീസ് എന്നീ ഇനങ്ങളിലായി 20 പഠിതാക്കളുടെ ഫീസിനത്തിൽ ഒരു പഠിതാവിന് 1950 രൂപ എന്ന നിരക്കിൽ 39000 രൂപ കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് (A/c No-38444973881). എല്ലാ ഗുണഭോക്താക്കളും പൊതു വിഭാഗത്തിൽ പെട്ടവരായിരുന്നോ, ഫീസിളവുള്ള വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾ ഇല്ല എന്ന് ഉറപ്പ് വരുത്തിയിരുന്നോ എന്നും അറിയിക്കുന്നതിനായി എന്നാവശ്യപ്പെട്ട് നല്കിയ 16/13-11-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്ലാസുകൾ ലഭ്യമാക്കിയതിന്റെയും കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയതിന്റെയും പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ട്, എത്ര പേർ വിജയിച്ചു എന്നതിന്റെയും വിവരം ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ലക്ഷ്യം കൈവരിക്കുന്നതിനായി ശ്രദ്ധിക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതാണ്.

## 1-34 എസ്.എസ്.എ വിഹിതം നൽകൽ -ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പു വരുത്തുന്നില്ല-₹665275 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്റ്റ് നമ്പർ / പേര് | 117/23 എസ്.എസ്.എ ക്ക് വിഹിതം നൽകൽ |
| അടങ്കൽ | ₹665275 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹ 665275<br>ബിൽ നമ്പർ : 1100714695/26-10-2022 |

സർക്കാർ ഉത്തരവ് അനുസരിച്ച് എസ് എസ് എ ക്ക് വിഹിതം നൽകി വിദ്യാഭ്യാസ മേഖലയിൽ പഠന മികവിനായി സേവനം ലഭ്യമാക്കുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണിത്. മുകളിൽ കൊടുത്ത പ്രകാരം എസ്.എസ്.എ. ക്ക് കൈമാറിയ ₹665275 യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. GO(MS) 84/2022/LSGD Dt 19.04.2022പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.6.3 പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്റ്റിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്റ്റ് പൂർത്തീകരണത്തിന് ശേഷം സമഗ്രശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6.4 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്റ്റിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്നിവയുടെ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്റ്റ് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ബന്ധപ്പെട്ട

സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിലെ പ്രധാന അധ്യാപകരിൽ നിന്നും, 2022-23 വർഷത്തിൽ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSA നിർമ്മിച്ച ശുചിമുറികൾ, പഠന മുറികൾ, ഡിജിറ്റൽ പഠന മുറികൾ, മറ്റ് നിർമ്മാണ പ്രവൃത്തികൾ, വിദ്യാലയങ്ങൾക്ക് ലഭിച്ച ഉപകരണങ്ങൾ, SSK നടത്തിയ അക്കാദമിക്ക്/നിർമ്മാണ/പരിശീലന പ്രവർത്തനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ 15-11-2023 -നകം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 17/13.11.23) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.കെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്. മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കാത്തതിനാൽ 665275 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. SSA പ്രോജക്ട് ഓഫീസറിൽനിന്നും വിനിയോഗ സാക്ഷ്യപത്രവും SSA മുഖാന്തിരം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദ വിവരമടങ്ങിയ മോണിറ്ററിങ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 അതുല്യം തുടർവിദ്യാഭ്യാസപരിപാടി - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല - ചെലവഴിച്ച ₹ 47,170 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ, പേര് | 152/23, അതുല്യം തുടർ വിദ്യാഭ്യാസ പരിപാടി |
| അടങ്കൽ | ₹60000(വികസന ഫണ്ട് ) |
| ചെലവ് | ₹59670 |
| ബിൽ നമ്പർ/തീയതി | 11101370454/16-03-23 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷ ഫീസ് എന്നീ ഇനങ്ങളിലായി അഞ്ച് പഠിതാക്കളുടെ ഫീസിനത്തിൽ ഒരു പഠിതാവിന് 2500 രൂപ എന്ന നിരക്കിൽ 12500 രൂപ കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കൂടാതെ ചിന്നമ്മ തോമസ്, റോയ് കെ. വി, നസീമ എം. എസ് എന്നവർക്ക് യഥാക്രമം 18,000, 11,170, 18,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ഏത് ഇനത്തിലാണ് അനുവദിച്ചതെന്ന് വ്യക്തമല്ല. ക്ലാസുകൾ ലഭ്യമാക്കിയതിന്റെയും കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയതിന്റെയും പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ട്, എത്ര പേർ വിജയിച്ചു എന്നീ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/13-11-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർവിദ്യാഭ്യാസ പരിപാടിയുടെ തുടർപ്രവർത്തനങ്ങളുടെ തുടർച്ചയായ നിരീക്ഷണവും പുരോഗതി വിലയിരുത്തലും നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മറുപടിയുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചിന്നമ്മ തോമസ്, റോയ് കെ. വി, നസീമ എം, എസ് എന്നവർക്ക് യഥാക്രമം 18,000, 11,170, 18,000 അനുവദിച്ച ₹47,170 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഏത് ഉത്തരവ് പ്രകാരം, എന്ത് ആവശ്യത്തിന് തുക അനുവദിച്ചു എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ഹെൽപ്പ് ഡെസ്ക് സജ്ജമാക്കൽ-പ്രവർത്തനക്ഷമമല്ല. ₹1,74,252 നിലവിൽ പാഴായി. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ &പേര് | 31/23 ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ഹെൽപ്പ് ഡെസ്ക് സജ്ജമാക്കൽ (സ്പിൽഓവർ) |
| അടങ്കൽ | 1,82,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 1,74,252 |
| ബിൽ നമ്പർ &തീയതി | 71/2.9.2022 |
| കരാറുകാരൻ | ശ്രീ. ഉലഹന്നാൻ |

ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ഹെൽപ്പ് ഡെസ്ക് സജ്ജമാക്കൽ പ്രവൃത്തിയ്ക്കായി ₹1,74,252 ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസിനു മുൻപിലായിട്ടാണ് ഇത് നിർമ്മിച്ചിട്ടുള്ളത്. പഞ്ചായത്തിൽ വരുന്ന ജനങ്ങൾക്ക് അപേക്ഷ ഫോറങ്ങൾ തയ്യാറാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഐ എൽ ജി എം എസ് സർക്കാർ ഉത്തരവ് (കൈ) നം 75/2022/L S G Dതീയതി 6.4.2022 ഖ-09ലെ നിർദ്ദേശാനുസരണമാണ് ഇത് നിർമ്മിച്ചിരിക്കുന്നത് എന്നാണ് ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന്(37/14/11/2023)അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിരിക്കുന്നത്. സൈറ്റ് പരിശോധനയിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നതായി കണ്ടില്ല .

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിഹെൽപ്പ് സെസ്കിലേക്ക് ₹84800 ചെലവഴിച്ച് 1 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, 2പ്രിന്റർ എന്നിവ വാങ്ങിയിട്ടുമുണ്ട്. ഹെൽപ്പ് ഡെസ്കിൽ കുടുബശ്രീ യൂണിറ്റിൽ നിന്നും തെരഞ്ഞെടുക്കുന്നവർ സൗജന്യ സേവനമായിരുന്നു നൽകിയിരുന്നത്. അതിനാൽ കാല ക്രമേണ ആളെ ലഭ്യമാകാതെ വന്നതിനാലാണ് ഹെൽപ്പ് ഡെസ്ക് പ്രവർത്തനം നിലച്ചു പോയത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (39/14/11/2023 ) സെക്രട്ടറി മറുപടി നൽകിയിരിക്കുന്നത്. ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിക്കാത്തതിനാൽ ഇവ പഞ്ചായത്ത് ഓഫീസിലും ഫ്രണ്ട് ഓഫീസിലുമായാണ്ഉപയോഗിക്കുന്നത്. സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററിൽ ഇരിക്കുന്നതിന് ആൾക്കാരെ ലഭ്യമാകുന്നതിനനുസരിച്ച് സെന്റർ, ഹെൽപ്പ്ഡെസ്കിലേയ്ക്ക് മാറ്റി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് സെക്രട്ടറി മറുപടി നൽകിയിരിക്കുന്നത് . ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഹെൽപ്പ് ഡെസ്ക് പ്രവർത്തനം നിലച്ച് തുക പാഴായതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഹെൽപ്പ് ഡെസ്ക് പ്രവർത്തനക്ഷമമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 ഇൻസിനേറ്റർ വാങ്ങൽ- സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ പ്രകാരമല്ലാത്തത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നമ്പർ &പേര് | 38/23 – കേളകം ബസ് സ്റ്റാൻഡിൽ പൊതു ശൗചാലയം നിർമ്മാണം (സ്പിൽ ഓവർ) |
| അടങ്കൽ | 8,50,000 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>10,000 (തനത് ഫണ്ട് )<br>24,599 (ജില്ലാ പഞ്ചായത്ത് വിഹിതം )<br>-------------<br>8,84,599 |
| ചെലവ് | 8,40,000(സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>10,000(തനത് ഫണ്ട് )<br>----------------<br>8,50,000<br>------------<br>16,74,266+മുൻവർഷത്തെ ചെലവ്<br>3,01,135-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നം &തീയതി | 8,40,000- 22200290/4.08.2022<br>10,000 – 22200368/12.9.2022 |
| കരാറുകാരൻ | ശ്രീ.തോമസ് കണ്ണന്താനം |
| കരാർ തുക | 24,82,992.25 |

കേളകം ബസ് സ്റ്റാൻഡിൽ പൊതു ശൗചാലയം നിർമ്മാണത്തിനായി താഴെ കാണും പ്രകാരം പ്രവൃത്തി മൂല്യം കണക്കാക്കിയിട്ടുണ്ട്

| | |
|---|---|
| പ്രവൃത്തി മൂല്യം | 24,81,608 |
| +12%ജി എസ് ടി | 2,97,792 |

| | |
|---|---|
| +Incinator | 46,000 |
| ആകെ പ്രവൃത്തി മൂല്യം | 28,25,400 |

പൊതു ജനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന വേണ്ടി, 2020-21ൽ ആരംഭിച്ച ടെയ്ക്ക് എ ബ്രേയ്ക്ക് പദ്ധതിയ്ക്ക് വേണ്ടി മേൽ തുക ചെലവഴിച്ചിട്ടുണ്ട്. ഇൻസിനേറ്ററിന വേണ്ടി 46,000ചെലവഴിച്ചിട്ടുണ്ട് (30 എണ്ണം കപ്പാസിറ്റി). Incinator എൽ എസ് പ്രൊവിഷനിൽ ഉൾപ്പെടുത്തി ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ (തീരുമാനം നം16/2022(2) തീയതി26/2/2022) Aera Ecco Solutions, പുതിയാണ്ടി, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും കരാറുകാരൻ നേരിട്ട് വാങ്ങി നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്.

വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്കൂളുകളിൽ ഇൻസിനേറ്റർ (25 എണ്ണം കപ്പാസിറ്റി ) വാങ്ങി നൽകിയിട്ടുണ്ട്. ആർട്ട്കോയിൽ നിന്നും നേരിട്ട് പ്രക്യൂർമെന്റ് കമ്മിറ്റി കൂടി പരിശോധിച്ച് @28,992 വാങ്ങിയിട്ടുണ്ട്. മേൽ പരാമർശിച്ച വിധം സമാഹരണ രീതി പാലിച്ചിരുന്നുവെങ്കിൽ കരാറുകാരൻ കൂടിയ വിലയ്ക്ക് നേരിട്ട് വാങ്ങുന്നത് ഒഴിവാക്കി സാമ്പത്തിക അച്ചടക്കം പാലിക്കാമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-38 ആസ്തി രജിസ്റ്റർ റോഡ് കണക്ടിവിറ്റി മാപ്പിംഗ് -പൂർത്തിയായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ &പേര് | 215/23 ആസ്തി രജിസ്റ്റർ റോഡ് കണക്ടിവിറ്റി മാപ്പിംഗ് |
| അടങ്കൽ | 50,000(വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 15,540 |
| ബിൽ നമ്പർ &തീയതി | 351/28.3.2023 |

